## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1914   05.10.2016-ൽ മറുപടിയ്ക്ക്

## റേഷ്യോ പ്രമോഷൻ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-മാർക്ക് റേഷ്യോ പ്രമോഷൻ നൽകിയിട്ട് എത്ര കാലമായി എന്നറിയിക്കാമോ; | (എ) മൃഗസംരക്ഷണവകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ൽ നിന്നും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരായി 09.09.2016 ലെ കെ4/13800/2013/ജി.കാ ഉത്തരവ് പ്രകാരവും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ൽ നിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I ലേയ്ക്ക് 29.09.2016 ലെ കെ4/22221/2013/ജി.കാ ഉത്തരവ് പ്രകാരവും ആണ് അവസാനമായി റേഷ്യോ പ്രൊമോഷൻ നൽകിയത്. |
| (ബി) റേഷ്യോ പ്രമോഷൻ നൽകുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ്; ഇനി എത്ര പേർക്ക് അർഹതപ്പെട്ട റേഷ്യോ പ്രമോഷൻ നൽകുവാനുണ്ട് എന്നറിയിക്കാമോ; | (ബി) ഇല്ല. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റേഷ്യോ പ്രൊമോഷൻ നൽകുവാൻ നിലവിൽ തടസ്സങ്ങൾ ഇല്ല. റേഷ്യോ പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചു വരുന്നു. എന്നാൽ സീനിയോറിറ്റി സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ജീവനക്കാരുടെ കേസ് നിലനിൽക്കുകയും 26.02.2016 ൽ റ്റി.എ 2150/12, റ്റി.എ 5895/12, ഒ.എ.1594/2014 എന്നീ കേസുകളിലെ വിധി പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാന-ത്തിൽ 01.01.2006 വച്ചുള്ള മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആണ് നിലവിൽ റേഷ്യോ പ്രമോഷൻ നൽകുന്നതും പഴയ ഉത്തരവുകൾ പുന:ക്രമീകരിച്ചു വരുന്നതും. |

നിലവിൽ 14.11.2011 വരെയുള്ള ഒഴിവുകളിലേയ്ക്കാണ് റേഷ്യോ പ്രമോഷൻ നൽകിയിരുന്നത്. 01.04.1997 ലെ മൃഗസംരക്ഷണ വകുപ്പിലെ റേഷ്യോ പ്രമോഷന്റെ കേഡർ സ്ട്രെങ്ത് അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ 472, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, 708, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II 1180 എന്നിങ്ങനെയാണ്. 2016 ലെ കേഡർ സ്ട്രെങ്ത് വ്യത്യാസമുണ്ടാകും എന്നതിനാൽ പ്രൊമോഷനും പ്രമോഷൻ പുന:ക്രമീകരണവും പൂർത്തിയാക്കി കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചാൽ മാത്രമേ പ്രമോഷന് അർഹതപ്പെട്ടവരുടെ കൃത്യമായ കണക്ക് നിർണ്ണയിക്കാൻ കഴിയൂ. ആയതിനുള്ള നടപടികൾ തുടർന്നു വരുന്നു.

(സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം റീജിയണൽ അനിമൽ ഹസ്ബന്ററി സെന്ററിന് കീഴിലാക്കുവാനുള്ള നടപടി എടുക്കുന്നുണ്ടോ;

(സി) നിലവിൽ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം അതാത് മൃഗാശുപത്രികൾക്കാണ്.

(ഡി) വെറ്ററിനറി ഉപകേന്ദ്രങ്ങളിൽ എത്ര എണ്ണമാണ് സർക്കാർ കെട്ടിട-ങ്ങളിൽ പ്രവർത്തിക്കുന്നത്; വാടകകെട്ടിടങ്ങളിൽ പ്രവർത്തി-ക്കുന്ന എത്ര ഉപകേന്ദ്രങ്ങൾ ഉണ്ട്; ഈ സാമ്പത്തിക വർഷം എത്ര ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പദ്ധതി ഉണ്ട്: ഉപകേന്ദ്രങ്ങൾക്ക് പ്രാഥമിക ചികിത്സയ്ക്ക് ആവശ്യമായ വിരമരുന്നും ഗ്ലൗസും മറ്റു മരുന്നുകളും ലഭ്യമാണോ?

(ഡി) 2014-ൽ വകുപ്പ് തല കണക്കുകൾ ശേഖരിച്ചതിൽ 391 വെറ്ററിനറി കേന്ദ്രങ്ങൾ വാടക കെട്ടിടത്തിലും 211 എണ്ണം ഗവൺമെന്റ് കെട്ടിടത്തിലും 733 എണ്ണം വാടക ഒഴിവായും പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം ഉപകേന്ദ്രങ്ങൾ നിർമ്മിയ്ക്കുന്നതിന് നാളിതുവരെ പദ്ധതി തുടങ്ങിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ 1809524 ഗ്ലൗസ്സുകളും, 10 ലക്ഷം വിരമരുന്നുകളും ജില്ലാ സ്റ്റോറുകൾ വഴി വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ